# കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ:- സുരേന്ദ്രൻ. എൻ)

വിഷയം:- ജീവനക്കാര്യം-പഞ്ചായത്ത് വകുപ്പ് - ക്ലാർക്ക് തസ്തികയിൽ - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ജി.ഒ(എം.എസ്) 45/91/ പി ആന്റ് എ.ആർ.ഡി, തീയ്യതി 30/12/91
2. സ.ഉ.(പി) നമ്പർ 79/09/ ഹോം തീയ്യതി 5/06/09.
3. സ.ഉ.(പി) നമ്പർ 41/10/ പി ആന്റ് എ.ആർ.ഡി, തീയ്യതി 14/10/10.
4. സ.ഉ.(പി) നമ്പർ 149/13/Fin തീയ്യതി 03/04/13.
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കോഴിക്കോട് ജില്ലാ ഓഫീസറുടെ 29.07.2015-ലെ DV(4)1241/11-14 നിയമന ശുപാർശ
6. ഈ ഓഫീസിലെ 07/10/2015 -ലെ ഇതേ നമ്പർ ഉത്തരവ്
7. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കോഴിക്കോട് ജില്ലാ ഓഫീസറുടെ 03.11.2015-ലെ DV(4)1241/11(24) നിയമന ശുപാർശ
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കോഴിക്കോട് ജില്ലാ ഓഫീസറുടെ 23.11.2015 ലെ DV(4)1241/11-14 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ:- A1-01/14(2) തീയ്യതി: 26/12/2015

മേൽ പരാമർശം (5) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസർ, 9940- 16580 രൂപ നിരക്കിൽ താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിലേക്കായി ശുപാർശ ചെയ്തിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം താഴെ പറയും പ്രകാരം നിയമനം നൽകുകയും ജീവനക്കാർ അവരുടെ പേരിനുനേരെ താഴെ കാണിച്ച തിയതികളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

| ക്രമ നമ്പർ | പേര് മേൽവിലാസം | നിയമനം നൽകിയ ഓഫീസ് | ജോലിയിൽ പ്രവേശിച്ച തിയതി |
|---|---|---|---|
| 1 | ഉമാദേവി. എ | നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് | 16/10/2015 FN |
| 2 | പ്രസീത. പി. വി | പയ്യോളി ഗ്രാമ പഞ്ചായത്ത് | 20/11/2015 FN |
| 3 | രാധിക.ആർ.കെ | അരിക്കുളം ഗ്രാമപഞ്ചായത്ത് | 14/10/2015 FN |

എന്നാൽ 30.03.2015 നകം വിവിധ വകുപ്പുകളിൽ നിന്നും അറിയിച്ച മറ്റ് ഒഴിവുകൾ കൂടി ഉൾപ്പെടുത്തി റൊട്ടേഷൻ പരിഷ്ക്കരിക്കാൻ പി.എസ്.സി തീരുമാനിച്ചതിനാൽ മുകളിൽ പരാമർശിച്ച ഉദ്യോഗാർത്ഥികളുടെ വകുപ്പിൽ മാറ്റം വരുന്നതാണെന്നും , പരാമർശം(5) പ്രകാരം നിയമന ശുപാർശ ചെയ്ത മേൽ ഉദ്യോഗാർത്ഥികളുടെ നിയമന ശുപാർശ റദ്ദ് ചെയ്തിട്ടുണ്ടെന്നും ടി ഉദ്യോഗാർത്ഥികളുടെ സേവനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പരാമർശം (8) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം(6) പ്രകാരം മേൽ ഉദ്യോഗാർത്ഥികൾക്ക് നൽകിയ നിയമന ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഉദ്യോഗാർത്ഥികളായ ശ്രീമതി.പ്രസീത.പി.വി, ഉമാദേവി.എ എന്നിവർക്ക് ഹെൽത്ത് സർവ്വീസിലേക്കും , ശ്രീമതി. രാധിക.ആർ.കെ എന്നവർക്ക് ഇറിഗേഷൻ വകുപ്പിലേക്കും മാറ്റി നിയമന ശുപാർശ അയക്കുന്നതാണെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി. ഉമാദേവി.എ എന്നവർക്ക് കേരളാ പി.എസ്.സി സെക്രട്ടറിയുടെ 22/06/2015 ലെ ആർ.ഐ.ഡി(4)1096 /15/ ജിഡബ്ലിയു നമ്പർ കത്ത് പ്രകാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എച്ച്.എസ്.ടി (ജൂനിയർ) ഫിസിക്സ് ടീച്ചറായി നിയമന ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും 04/11/2015 ന് വിടുതൽ ചെയ്തിട്ടുണ്ട്.

ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്കോ, ഈ ഉത്തരവ് കൈപ്പറ്റുന്ന മുറയ്ക്കോ ശ്രീമതി.പ്രസീത.പി.വി, ശ്രീമതി.രാധിക.ആർ.കെ എന്നിവരെ പഞ്ചായത്ത് വകുപ്പിൽ നിന്നും നിയമാനുസൃതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാർ വിടുതൽ ചെയ്ത വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽ പരാമർശം (7) പ്രകാരം മേൽ ഉദ്യോഗാർത്ഥികൾക്ക് പകരമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസർ, 9940- 16580 രൂപ നിരക്കിൽ താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിലേക്കായി കെ.എസ്.& എസ്.എസ്.ആർ 1958 ചട്ടം 3(സി) ക്ക് വിധേയമായി ശുപാർശ ചെയ്തിട്ടുണ്ട്. പരാമർശം (7) പ്രകാരം നിയമന ശുപാർശ ചെയ്ത താഴെ പറയുന്ന ഉദ്യോഗാർത്ഥികൾക്ക് 05/03/1974 ലെ സ.ഉ. (പി) നമ്പർ 49/74/പി.ഡി. ഉത്തരവിന് വിധേയമായി കെ.എസ്. ആന്റ് എസ്.എസ്.ആർ 1958 ചട്ടം 9 (എ), 10 (ബി) ബാധകമാക്കി താല്ക്കാലിക നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം (7) പ്രകാരം നിയമന ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് താഴെ പറയും പ്രകാരം ടിയാളുകളുടെ പേരിന് നേരെ കാണിച്ച ഓഫീസിൽ നിയമനം നല്കുന്നു.

| **ക്രമ നമ്പർ** | **പേര് മേൽവിലാസം** | **ജനന തീയ്യതി** | **വിദ്യാഭ്യാസ യോഗ്യത** | **പിഎസ്സി ടേൺ** | **നിയമനം നൽകിയ ഓഫീസ്** |
|---|---|---|---|---|---|
| 1. | പ്രമോദ്കുമാർ.എ.ആർ<br>തിരുവഞ്ചിക്കുളം(ഹൗസ്)<br>13/200, കണ്ണാടിക്കൽ,<br>വേങ്ങേരി.പി.ഒ,<br>കോഴിക്കോട്-673010 | 04.12.1984 | എസ്.എസ്.എൽ.സി | ഒ.സി ടേൺ | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് |
| 2. | ഹരിലാൽ.കെ<br>കാപ്പുമ്മൽ ഹൗസ്,<br>കക്കട്ടിൽ വഴി<br>നിട്ടൂർ.പി.ഒ<br>കോഴിക്കോട്-673507 | 06.12.1984 | എസ്.എസ്.എൽ.സി | ഒ.സി ടേൺ | നരിപ്പറ്റ ഗ്രാമപഞ്ചായത്ത് |
| 3. | സുഗിതകുമാരി.പി<br>പുനത്തിൽ<br>കൊല്ലം<br>കൊയിലാണ്ടി<br>കോഴിക്കോട്-673307 | 13.04.1985 | എസ്.എസ്.എൽ.സി | ഒ.സി ടേൺ | വളയം ഗ്രാമപഞ്ചായത്ത് |
| 4 | രാഗേഷ്.എം.കെ<br>മാവില കുന്നത്ത്(ഹൗസ്)<br>വാകയാട്.പി.ഒ<br>കോഴിക്കോട്-673614 | | എസ്.എസ്.എൽ.സി | റിസർവേഷൻ ടേൺ | മരുതോങ്കര ഗ്രാമപഞ്ചായത്ത് |

മേൽ ജീവനക്കാരുടെ നിയമനത്തിനുള്ള അർഹത പരിശോധിച്ച് ബോധ്യപ്പെടുന്നതിലേക്ക് താഴെ പറയുന്ന രേഖകളുടെ അസ്സൽ സഹിതം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹാജരാകേണ്ടതാണ്.

1. വയസ്സും, ജനനതീയ്യതിയും തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം.
2. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം
3. സ.ഉ.(പി).നമ്പർ 20/11/പി ആന്റ് എ.ആർ.ഡി, തീയ്യതി 30/06/11 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അസിസ്റ്റന്റ് സർജനിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള നിർദ്ദിഷ്ട ഫോറത്തിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.
4. നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് (ക്രമനമ്പർ 4 എന്നവർ മാത്രം).

കെ.എസ് ആന്റ് എസ്.എസ്.ആർ നിർദ്ദേശം പാലിച്ച് നൽകിയ താത്കാലിക നിയമനം ക്രമവൽക്കരിക്കുന്നത് ജീവനക്കാരന്റെ സ്വഭാവവും കീഴ്നടപ്പും പരിശോധിച്ച് കേരള പബ്ളിക്ക് സർവീസ് കമ്മീഷന്റെ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിലായിരിക്കും. ജീവനക്കാർ ജോലിയിൽ

പ്രവേശിച്ച തീയ്യതി മുതൽ, തുടർച്ചയായ മൂന്നു വർഷത്തിൽ രണ്ടു വർഷം പൂർത്തിയാകുന്നതുവരെയുള്ള കാലയളവ് നിരീക്ഷണ ഘട്ടമായി കണക്കാക്കുന്നതാണ്. നിരീക്ഷണകാലയളവിൽ എം.ഒ.പി പരീക്ഷ പാസാകേണ്ടതാണ്. ഒരു വർഷത്തിനുള്ളിൽ കെ.പി.ഇ.പി.എഫ്, ജി.ഐ.എസ്, എസ്.എൽ.ഐ എന്നിവയിൽ വരിക്കാരാകുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

സദുദ്ദേശ പരമായ നിലയിലുള്ളതും, രേഖാപരമായി നിലനിൽക്കുന്നതുമായ ഏതെങ്കിലും, ജനനതീയ്യതി സംബന്ധിച്ച് തിരുത്തുന്നതിനുള്ള അപേക്ഷ, നിയമനം ലഭിച്ച് 5 വർഷത്തിനകം നൽകുന്നതിന് സർക്കാർ പരാമർശം (1) പ്രകാരം നിർദേശിച്ചിട്ടുണ്ട്. പരാമർശം (2) ൽ നിർദേശിച്ചത് പ്രകാരമുള്ള വെരിഫിക്കേഷൻ പ്രഫോർമ പൂരിപ്പിച്ച് ബന്ധപ്പെട്ട ഓഫീസ് മേലധികാരി മുഖേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിയമനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച മുഴുവൻ രേഖകളുടേയും അസ്സൽ പരിശോധിച്ച്, സാധുത ഉറപ്പുവരുത്തേണ്ടതാണ്. ജോലിയിൽ പ്രവേശിച്ച് ഒരാഴ്ചക്കകം ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകം ജീവനക്കാരന്റെ നിയമനം ക്രമവൽക്കരിക്കുന്നതിലേക്കായി തയ്യാറാക്കേണ്ടതും, കേരള പി.എസ്.സി കോഴിക്കോട് ജില്ലാ ഓഫീസർക്ക് വെരിഫിക്കേഷന് സമർപ്പിക്കുന്നതിന് പ്രസക്തമായ പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. ജീവനക്കാരന്റെ ജോയിനിംങ് റിപ്പോർട്ട് സ്പാർക്ക് ഫോം –1 ൽ ശേഖരിച്ച് സേവന പുസ്തകത്തിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

സംസ്ഥാന സർവീസിൽ 01/04/2013 ന് ശേഷം നിയമിതരാവുന്ന മുഴുവൻ ജീവനക്കാർക്കും ദേശീയ പെൻഷൻ പദ്ധതി പരാമർശം (4) പ്രകാരം സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. അത്തരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കിയും ഉയർത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അർഹതുള്ള ഏതെങ്കിലും ജീവനക്കാരുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ഇപ്പോൾ നിയമനം നൽകിയിരിക്കുന്ന കാര്യാലയം പഞ്ചായത്ത് വകുപ്പിലെ 2015 ലെ പൊതുസ്ഥലമാറ്റത്തിന് വിധേയമായി ക്രമീകരിക്കപ്പെടാവുന്നതാണ്.

ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് വിവിധ വകുപ്പുകളിലേക്കുള്ള പൊതു പട്ടികയിൽ നിന്ന് ആയതിനാൽ ഈ ഉത്തരവ് പ്രകാരം നിയമനം നൽകിയിരിക്കുന്ന ഉദ്യോഗാർത്ഥികൾ, ഈ വകുപ്പിൽ തസ്തികയിൽ ഒഴിവില്ലാതാകുന്നത് കാരണം പിരിച്ചുവിടപ്പെടുകയാണെങ്കിൽ അത്തരം ഉദ്യോഗാർത്ഥികൾ തങ്ങളുടെ പേര് കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസിൽ പുനർ രജിസ്റ്റർ ചെയ്ത് പി.എസ്.സിയിലൂടെ പുനർ നിയമനത്തിന് വീണ്ടും ശുപാർശ ചെയ്യപ്പെടുകയോ അല്ലെങ്കിൽ പഞ്ചായത്തു വകുപ്പിൽ പ്രബേഷണറായി തുടരാനാണ് ആഗ്രഹിക്കുന്നതെങ്കിൽ ഒഴിവ് വന്ന് പുനർ നിയമനം വരെ കാത്തിരിക്കുന്നതിന് തയ്യാറാണെന്ന വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണെന്ന വസ്തുത ഈ ഉദ്യോഗാർത്ഥികളെ ഇതിനാൽ അറിയിക്കുകയും ചെയ്യുന്നു. (29.03.1990 ലെ ഗവ:സർക്കുലർ നമ്പർ: 3737/Rules-1/90/P&ARD, 15.02.1991 ലെ ജി.ഒ.(പി)7/91/ P&ARD എന്നിവ കാണുക)

(ഒപ്പ്)
സുരേന്ദ്രൻ. എൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.

To,
വ്യക്തികൾക്ക് (റജി. മടക്കതപാൽ സഹിതം)

പകർപ്പ്:-

1. ബന്ധപ്പെട്ട എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
2. പഞ്ചായത്ത് ഡയറക്ടർ (ഉപരിപത്രം സഹിതം)
3. കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസർ (ഉപരിപത്രം സഹിതം)
4. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം (ഉപരിപത്രം സഹിതം)
5. എല്ലാ പെർഫോൻസ് ഓഡിറ്റ് സൂപ്പർ വൈസർമാർക്കും
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മേശപ്പുറം
7. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ മേശപ്പുറം
8. കരുതൽ/അധികം.

/ഉത്തരവിൻപ്രകാരം/

സൂപ്രണ്ട്